സർവ്വീസിലിരിക്കെ വിദേശ രാജ്യങ്ങളിൽ പോയ ഡോക്ടർമാർ

1345 [2166] ശ്രീ. പി. ജെ. തോമസ്:

ശ്രീ. കെ. രാഘവൻ മാസ്റ്റർ:

ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി:

ശ്രീ. എം പി. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ എത്ര ഡോക്ടർമാർ വിദേശത്തു ജോലി ചെയ്യുന്നുണ്ട്;

(ബി) ഉപരിപഠനത്തിന് എത്രപേർ പോയിട്ടുണ്ട്;

(സി) ഇങ്ങനെ പോകാൻ ആഗ്രഹിക്കുന്നവരുടെ കാര്യത്തിൽ കർശനമായ വ്യവസ്ഥകൾ സ്വീകരിക്കുന്നതെന്തുകൊണ്ടാണ്?

ഉത്തരം

(എ) 382 പേർ

(ബി) 14 പേർ.

(സി) ആശുപത്രികളിലെ സേവനത്തിനാവശ്യമായ ഡോക്ടർമാരുണ്ടെങ്കിൽ വിദേശത്തു ജോലിക്കോ, ഉപരിപഠനത്തിനോ പോകുന്നതിന് കർക്കശമായ നിലപാട് എടുക്കാറില്ല. മറിച്ച് ആശുപത്രികളിലെ ജോലിക്ക് തടസ്സം വരത്തക്കവിധം പകരം ആളെ നിയമിക്കാൻ ബുദ്ധിമുട്ടുള്ള സ്പെഷ്യലിസ്റ്റ് തസ്തികകളിൽ ജോലി ചെയ്യുന്നവരുടെ കാര്യത്തിൽ കർശനമായ വ്യവസ്ഥകൾ സ്വീകരിച്ചില്ലെങ്കിൽ പൊതുജനങ്ങൾക്ക് ഇതുമൂലം വളരെ കഷ്ടപ്പാടുകൾ അനുഭവിക്കേണ്ടിവരും.

ആയുർവേദ കോളേജുകൾ

1346 [2168] ശ്രീ. പി. പി. എസ് തോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര ആയുർവേദ കോളേജുകൾ നിലവിലുണ്ട്;

(ബി) ഇവയിൽ ഗവൺമെന്റ് കോളേജുകൾ എത്ര; സ്വകാര്യ കോളേജുകൾ എത്ര;

(സി) കോളേജിനോടനുബന്ധിച്ചുള്ള ആശുപത്രികളിൽ എത്ര രോഗികളെ കിടത്തി ചികിൽസിക്കാൻ കഴിയും;

(ഡി) ഇപ്പോൾ തിരുമ്മൽ, കിഴി, ധാര തുടങ്ങി പഞ്ചകർമ്മ ചികിൽസകൾ നടത്തിവരുന്ന ആശുപത്രികളുടെ അപര്യാപ്തതയെ സംബന്ധിച്ച് എന്തെങ്കിലും റിപ്പോർട്ട് ഗവൺമെന്റിനു ലഭിച്ചിട്ടുണ്ടോ;

(ഇ) ജില്ലാ ആയുർവേദാശുപത്രികൾ വികസിപ്പിച്ച് പഞ്ചകർമ്മ ചികിൽസ അടക്കം എല്ലാ ചികിൽസകളും നൽകാനും കൂടുതൽ രോഗികളെ കിടത്തി ചികിൽസിക്കുവാനും കഴിയത്തക്കവിധം കിടക്കകളുടെയും സ്റ്റാഫിന്റെയും എണ്ണം വർദ്ധിപ്പിക്കുന്നതിന് പരിപാടി ഉണ്ടോ എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ), (ബി) ഗവൺമെന്റ് കോളേജുകളും രണ്ടെണ്ണം (തിരുവനന്തപുരം, തൃപ്പൂണിത്തുറ). സ്വകാര്യ കോളേജുകളും മൂന്നെണ്ണം (ഒല്ലൂർ, ഷൊർണ്ണൂർ, കോട്ടക്കൽ).

(സി) തിരുവനന്തപുരം ആയുർവേദാശുപത്രിയിൽ 240 രോഗികളേയും തൃപ്പൂണിത്തുറയിൽ 40 രോഗികളേയും കിടത്തി ചികിൽസിക്കാൻ സൗകര്യമുണ്ട്.

(ഡി) എല്ലാ ആശുപത്രികളിലും പഞ്ചകർമ്മ ചികിൽസാ സൗകര്യം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിവേദനങ്ങളും ലഭിക്കുന്നുണ്ട്.

(ഇ) ധനലഭ്യതയനുസരിച്ച് ഇത്തരം പരിപാടികളും പടിപടിയായി ഏറ്റെടുക്കാൻ ഉദ്ദേശമുണ്ട്.

വർക്ക് സൂപ്രണ്ടുമാരുടെ ഒഴിവിലേക്ക് നിയമനം

1347 [2170] ശ്രീ. എം. പി. രാഘവൻ:
ശ്രീ. എൻ. വാസുദേവൻ പിള്ള:
ശ്രീ. പി. കരുണാകരൻ:
ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) കേരളാ ലാൻഡ് ഡെവലപ്പുമെന്റ് കോർപ്പറേഷനിൽ വർക്ക് സൂപ്രണ്ടുമാരുടെ ഒഴിവിലേക്ക് 1978-ൽ പി. എസ്. സി. സെലക്ട് ചെയ്ത ലിസ്റ്റിൽനിന്നും ഇതുവരെ എത്രപേരെ നിയമിച്ചു;

(ബി) ഇപ്പോഴും പ്രസ്തുത പോസ്റ്റുകളിൽ ഒഴിവുകളും നിലവിലുണ്ടോ; എങ്കിൽ എത്ര;

(സി) പി. എസ്. സി. യുടെ സെലക്ഷൻ ലിസ്റ്റ് നിലവിലിരിക്കെ വർക്കുസൂപ്രണ്ടുമാരുടെ ഒഴിവിലേക്ക് ലിസ്റ്റിൽപ്പെടാത്ത ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ എത്രപേരെ; അവർ ആരെല്ലാം;

(ഇ) പി. എസ്. സി. ലിസ്റ്റ് നിലവിലിരിക്കെ അപ്രകാരം നിയമനം നടത്താൻ കാരണമെന്ത്;

(എഫ്) ഒഴിവുള്ള സ്ഥാനങ്ങളിൽ പി. എസ്. സി. യുടെ ലിസ്റ്റിൽപ്പെട്ടവരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 19 പേരെ നിയമിച്ചിട്ടുണ്ട്.

(ബി) 10 ഒഴിവുകളും ഉണ്ട്.

(സി) ഇല്ല.

(ഡി), (ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly